I/83373/2024

**ഭരണഭാഷ – മാതൃഭാഷ**
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
0471 2561307

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് അനുപാത സ്ഥാനക്കയറ്റം (Ratio Promotion) - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---------------------------------------------------------------------------------------------------------

ജീവനക്കാര്യം ( ഡി) വിഭാഗം

നം.ഇഡി3/3365/2024/ഡിടിഇ തിരുവനന്തപുരം: 22-04-2024

---------------------------------------------------------------------------------------------------------------
--

വായന:-1.10.02.2021 ലെ സ ഉ (പി) നമ്പർ.27/2021/ധന നമ്പർ സർക്കാർ ഉത്തരവ്
2.13.09.2023 ലെ ഇജി3/14949/23/ഡിടിഇ നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റ്

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം, ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് ഡ്രൈവർ ഗ്രേഡ് - II, ഡ്രൈവർ ഗ്രേഡ് - I, സീനിയർ ഗ്രേഡ് ഡ്രൈവർ എന്നിങ്ങനെ 1:1:1 എന്ന അനുപാതവും, സെലക്ഷൻ ഗ്രേഡ് തസ്തികയിലേക്ക് സീനിയർ ഗ്രേഡ് തസ്തികയുടെ 10 ശതമാനവും അനുപാത സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അതിനാൽ, പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഈ വകുപ്പിലെ വിവിധ വിഭാഗം ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള തിയതി പ്രാബല്യത്തിൽ 1958 ലെ ഭാഗം - II കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 28 (b) (ii) യിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുപാത സ്ഥാനക്കയറ്റം (Ratio Promotion) അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1. ₹ 31100 - 66800 വേതന നിരക്കുള്ള സീനിയർ ഗ്രേഡ് തസ്തികയിലേക്കുള്ള അനുപാത സ്ഥാനക്കയറ്റം**

| ക്രമ നം | വായന സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം | പേര്,സ്ഥാപനം, നിലവിലെ തസ്തിക,പെൻ | അനുപാത സ്ഥാനക്കയറ്റ പ്രാബല്യ തീയതിയും, ഒഴിവിൻറെ സ്വഭാവവും |
|---|---|---|---|
| 1 | 14 | ശ്രീ. അഭിലാഷ്.വി<br><br>ഡ്രൈവർ ഗ്രേഡ് - I<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം<br>പെൻ - 342706 | 01.04.2024<br><br>(ശ്രീ.കബീർ.സി.പി, ഡ്രൈവർ സീനിയർ ഗ്രേഡ് 31.03.2024 - ൽ വിരമിച്ച ഒഴിവ്) |

I/83373/2024

2.₹ 27900 - 63700 വേതന നിരക്കുള്ള ഡ്രൈവർ ഗ്രേഡ്  - I തസ്തികയിലേക്കുള്ള അനുപാത സ്ഥാനക്കയറ്റം

| ക്രമ നം | വായന സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം | പേര്,സ്ഥാപനം, നിലവിലെ തസ്തിക,പെൻ | അനുപാത സ്ഥാനക്കയറ്റ പ്രാബല്യ തീയതിയും, ഒഴിവിൻറെ സ്വഭാവവും |
|---|---|---|---|
| 1 | 29 | ശ്രീ.സുഫീർഷാ. എം<br><br>ഡ്രൈവർ ഗ്രേഡ് - II<br><br>കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം<br>പെൻ - 862606 | 01.04.2024<br><br>(ശ്രീ. അഭിലാഷ്.വി, ഡ്രൈവർ ഗ്രേഡ് - I - ന റേഷ്യോ പ്രമോഷൻ ലഭിച്ച ഒഴിവ്) |

ടി ഉത്തരവ് പ്രകാരമുള്ള സ്ഥാനക്കയറ്റങ്ങളിൽ ജീവനക്കാർ ജോലിനോക്കുന്ന തസ്തികകളും, സ്ഥാനക്കയറ്റ തസ്തികകളും തമ്മിൽ ജോലിയുടെ സ്വഭാവത്തിലും, ഉത്തരവാദിത്വത്തിലും വ്യത്യാസമില്ലാത്ത അനുപാതിക സ്ഥാനക്കയറ്റമായതിനാൽ (Ratio Promotion) 19.10.2007 ലെ സ.ഉ (അച്ചടി) 515/2007/ധന നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിച്ച തീയ്യതി മുതൽ (Date of Effect of Promotion) ശമ്പള നിർണ്ണയത്തിനും, പുതുക്കിയ ശമ്പളത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

ടി സ്ഥാനക്കയറ്റത്തിൻറെ വിവരവും, പുതുക്കിയ ശമ്പളത്തിന്റെ വിവരവും അതാത് ആഫീസ് മേധാവികൾ ജീവനക്കാരുടെ സേവന പുസ്തകം / സ്പാർക്ക് ഡേറ്റാബേസ് എന്നിവകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

Sunil Kumar C V
SENIOR ADMINISTRATIVE OFFICER

പകർപ്പ്:-
1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ഡിടിഇ
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
3.സൂപ്രണ്ട്,ജീവനക്കാര്യം എ / അക്കൌണ്ട്സ്,ഡിടിഇ
4.ബന്ധപ്പെട്ട ജീവനക്കാർക്ക് (സ്ഥാപന മേധാവി മുഖേന)
5.ഇ - ഓഫീസ് കരുതൽ സഞ്ചയം

Signed by
Sunil Kumar C V
Date: 22-04-2024 15:32:59